

# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 22 No. 1 & 2 Newsletter Jan - Feb 2024



"കർത്താവോ വിശ്വസ്തൻ; അവൻ നിങ്ങളെ ഉറപ്പിച്ചു
ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും" (2 തെസ്സ. 3:3)

# ANNUAL THANKS GIVING SERVICE



# ANNUAL THANKS GIVING SERVICE








# ANNUAL HARVEST FESTIVAL



# CHURCH VOICE

22nd year of publication

JAN - FEB 2024



**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. D. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Tamil Service | 07:15am |
| | Choir Practice | 08.30am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**



# പ്ലാറ്റിനം ജൂബിലി വരെ...13

**Rev. Dr. L. E. Sahanam**

## പട്ടത്വ ശുശ്രൂഷയിലെ തുല്യത

സഭൈക്യ ചർച്ചകളിൽ എസ്.ഐ.യു.സി. പ്രതിനിധികൾ വളരെ ശക്തമായി ഉന്നയിച്ചതും, ഐക്യസഭയിൽ എപ്പിസ്ക്കോപ്പസി എന്ന പദവിയുമായി വളരെ കെട്ടുപിണഞ്ഞു കിടക്കുന്നതുമായ ഒരു വിഷയമാണ് വിവിധ സഭാ വിഭാഗങ്ങളിലൂടെ പട്ടത്വം സ്വീകരിച്ച് ഐക്യ സഭയിലെ അംഗങ്ങളാകുന്ന സഭാ ശുശ്രൂഷകരുടെ പട്ടത്വ ശുശ്രൂഷയിലെ തുല്യത. ദക്ഷിണേന്ത്യയിൽ സഭൈക്യത്തിന് മുന്നോട്ടുവച്ചിരുന്ന നിർദ്ദേശങ്ങൾക്ക് 1920-ൽ കൂടിയ ലാംബത്ത് കോൺഫറൻസ് പച്ചക്കൊടി കാട്ടിയത് ചർച്ചകൾക്ക് പുതുജീവൻ നൽകി. എന്നാൽ ഐക്യസഭയിൽ പങ്കാളിയാകുന്ന ഇതര സഭാവിഭാഗങ്ങളിലെ പട്ടക്കാർക്ക് ആംഗ്ലിക്കൻ സഭയിലെ പട്ടക്കാർക്ക് സമാനമായ അംഗീകാരം നൽകുന്നതിനോട് ലാംബത്ത് കോൺഫറൻസ് സ്വീകരിച്ച നിലപാട് എസ്. ഐ. യു. സി. ക്ക് ഒട്ടും സ്വീകാര്യവുമായിരുന്നില്ല.

പട്ടക്കാരുടെ മേലുള്ള കൈവെപ്പു ശുശ്രൂഷകളിലൂടെ ഐക്യ സഭയിൽ ബിഷപ്പിന് ഭരണപരമായ മേല്ക്കോയ്മ മാത്രമല്ല ഒരുആത്മീയ മേധാവിത്തംകൂടി കല്പിക്കുന്നെന്നചിന്ത എല്ലാ വിശ്വാസികളുടെ രാജകീയ പുരോഹിതത്വം (Priesthood of all believers) മുറുകെ പിടിക്കുന്ന കോൺഗ്രിഗേഷണൽ ചിന്തയ്ക്ക് തീരെ നിരക്കാത്തതാണെന്നവർ വാദിച്ചു.

ബിഷപ്പിന്റെ കൈവെപ്പിലൂടെ പട്ടത്വ ശുശ്രൂഷയിൽ പ്രവേശിച്ച ആംഗ്ലിക്കൻ പാരമ്പര്യക്കാരുടെയും അല്ലാത്ത പട്ടത്വം സ്വീകരിച്ച മറ്റ് പാരമ്പര്യങ്ങളിലെ പട്ടക്കാരുടെയും ശുശ്രൂഷകൾ സമാനമാണെന്നും അതിനാൽ ശുശ്രൂഷകർ തമ്മിൽ യാതൊരു വേർതിരിവും പാടില്ല എന്നതായിരുന്നു എസ്.ഐ.യു.സി. നിലപാട്. (There is no distinction between episcopally and non-episcopally ordained pastors). ഇതിനെ നിഷേധിക്കുന്നതായിരുന്നു ലാംബത്ത് കോൺഫറൻസിന്റെ നിലപാട്. എല്ലാ പട്ടക്കാരുടെയും ശുശ്രൂഷ ദൈവകൃപയുടെ പ്രത്യക്ഷമായ വെളിപ്പെടുത്തലാണ്. അത് പരിശുദ്ധാത്മാവിനാൽ അനുഗ്രഹിക്കപ്പെട്ട

തും നിയോഗിക്കപ്പെട്ടതുമാണെങ്കിലും (These ministries have been manifestly blessed and owned by the Holy Spirit as effective means of grace). ബിഷപ്പിന്റെ കൈവെപ്പിലൂടെ പട്ടത്വം സ്വീകരിക്കാത്തവർ ഒരു ബിഷപ്പിന്റെ കൈവെപ്പിലൂടെ ആ ശുശ്രൂഷക്ക് നിയോഗിക്കപ്പെടണം എന്ന് ലാംബത്ത് കോൺഫറൻസ് നിർദ്ദേശിച്ചു. (The non-episcopal ministers to accept a commission through episcopal ordination). ബിഷപ്പിന്റെ കൈവെപ്പിലൂടെ വീണ്ടുമൊരു ഓർഡിനേഷൻ എന്ന നിർദ്ദേശം എസ്.ഐ.യു.സിക്ക് ഒട്ടും സ്വീകാര്യ മായിരുന്നില്ല. അതോടു കൂടി ഐക്യ ചർച്ചകൾക്കും ഒരനിശ്ചിതത്വം സംഭവിച്ചു.

ദക്ഷിണേന്ത്യയിൽ പ്രൊട്ടസ്റ്റന്റ് സഭകൾ തമ്മിൽ ഐക്യം എന്ന ആശയം ലാംബത്ത് കോൺഫറൻസിന് സ്വീകാര്യമായിരുന്നതിനാൽ തുടർചർച്ചകൾക്ക് അവർ ആംഗ്ലിക്കൻ സഭയുടെ ഇന്ത്യയിലെ സിനോഡിനെ ചുമതലപ്പെടുത്തി. (The Episcopal Synod of the Church of India, Burma and Ceylon) എന്നായിരുന്നു ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ആംഗ്ലിക്കൻ സഭ അറിയപ്പെട്ടിരുന്നത്. ഐക്യചർച്ചകൾ തുടരുന്നതിന് ഇന്ത്യയിലെ ആർച്ച് ബിഷപ്പും, മദ്രാസ് ഡോണക്കൽ, ബോംബെ, തിരുനെൽവേലി എന്നിവിടങ്ങളിലെ ബിഷപ്പുമാരും ഉൾപ്പെടുന്ന ഒരു സമിതിയെ ആംഗ്ലിക്കൻ സഭ നിയോഗിച്ചു. ഡോർണക്കൻ ബിഷപ്പായിരുന്ന ബിഷപ്പ് വി.എസ്. അസറിയയായിരുന്നു കൺവീനർ.

പട്ടത്വ ശുശ്രൂഷ സംബന്ധിച്ച് ആംഗ്ലിക്കൻ സഭ സ്വീകരിച്ച ചില കടുത്ത നിലപാടുകൾ മൂലം നിലച്ചു പോയ ഐക്യചർച്ചകൾ ബിഷപ്പ് അസറിയയുടെ നേതൃത്വത്തിൽ പുനരാരംഭിച്ചു. ഐക്യചർച്ചകൾ ബിഷപ്പ് അസറിയയുടെ നേതൃത്വത്തിൽ 1922-ൽ വീണ്ടും സമ്മേളിച്ചപ്പോൾ, പട്ടക്കാരുടെ പുനർബോധകാഭിഷേകം എന്ന ആശയം സ്വീകാര്യമല്ലെങ്കിൽ, ബിഷപ്പിന്റെ കൈവെപ്പിലൂടെ പരസ്പര നിയോഗ ശുശ്രൂഷ (Mutual Commission service through laying of hands) എന്ന മറ്റൊരു നിർദ്ദേശം ആംഗ്ലിക്കൻ പ്രതിനിധികൾ മുന്നോട്ടുവച്ചു. ഐക്യസഭയിൽ പങ്കാളിയാകുന്ന എപ്പിസ്ക്കോപ്പൽ ഓർഡിനേഷൻ ലഭിച്ചവരും അല്ലാത്തവരുമായ എല്ലാ പട്ടക്കാരെയും അധ്യക്ഷത വഹിക്കുന്ന ബിഷപ്പിന്റെ കൈവെയിപ്പിലൂടെയുള്ള ഒരു സമർപ്പണ ശുശ്രൂഷയിൽ വച്ച് പട്ടത്വ ശുശ്രൂഷയ്ക്കായി നിയോഗിക്കുക എന്നതായിരുന്നു ആ നിർദ്ദേശത്തിന്റെ പൊരുൾ. (Laying of hands by the presiding bishop at a dedication service on all presbyters and commission them for pastoral ministry in the United Church). ഏതുതരത്തിലായാലും വീണ്ടുമൊരു

പട്ടത്വ ശുശ്രൂഷ എന്ന ആശയത്തെ എസ്.ഐ.യു.സി പ്രതിനിധികൾ നഖ ശിഖാന്തം എതിർത്തു. ആ വിഷയത്തിൽ ഐക്യചർച്ചകളിൽ നിന്നും പിന്മാറുന്നതിനുവരെ ചിലർ തയ്യാറായി.

ബിഷപ്പിന്റെ കൈവെപ്പിലൂടെ വീണ്ടുമൊരു ഓർഡിനേഷൻ എന്ന നിർദ്ദേശത്തെപ്പറ്റി ഏതാണ്ട് 40 വർഷം എൽ.എം.എസ്. മിഷനറിയായി പ്രവർത്തിച്ചു. നിരവധി സഭകൾ സ്ഥാപിച്ചും ശുശ്രൂഷ നടത്തിവന്ന റവ. എൽ. ആർ. സ്ക്കഡർ വളരെ വൈകാരികമായി പ്രതികരിച്ചതി പ്രകാരമാണ്. “കഴിഞ്ഞ 40 വർഷം ഒരു പട്ടക്കാരനായി ശുശ്രൂഷ ചെയ്ത് തിരുവത്താഴ ശുശ്രൂഷ നടത്തി ഞാൻ വളർത്തിയ എൽ. എം. എസ് സഭയിൽ ഐക്യത്തിനുശേഷം കർത്താവിന്റെ അത്താഴ ശുശ്രൂഷ നടത്തുന്നതിന് എന്നെ ക്ഷണിച്ചാൽ ബിഷപ്പിന്റെ കൈവെപ്പില്ല എന്ന കാരണത്താൽ ആ ശുശ്രൂഷ എനിക്ക് നിഷേധിക്കുമോ? ഇന്ത്യയിലെ സഭയുടെ ഐക്യത്തിനുവേണ്ടി ഞാൻ ചെയ്തുവന്നിരുന്ന ശുശ്രൂഷ തുടർന്ന് നിർവഹിക്കുന്നതിന് ബിഷപ്പിന്റെ കൈവെപ്പിന് ഞാൻ എന്നെ തന്നെ വിധയനാക്കണമോ? പകരം എന്നെ ക്ഷണിക്കുന്ന ഏത് സഭയിലും വിശുദ്ധ കർമ്മങ്ങൾ നിർവഹിക്കുന്നതിന് എന്നെ അധികാര പ്പെടുത്തിക്കൂടായോ? റവ. സ്ക്കഡറിന്റെ ചോദ്യം ബിഷപ്പ് അസറിയായെ വല്ലാതെ ചലിപ്പിച്ചു. (ഇന്ന് സി.എസ്.ഐ. സഭയിലെ പട്ടക്കാരെല്ലാവരും ബിഷപ്പിന്റെ കൈവെപ്പിലൂടെ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിക്ക പ്പെടുന്നവരായതിനാൽ ഈ പ്രശ്നത്തിന്റെ വേദശാസ്ത്ര ഗൗരവം അതിവേഗം ഉൾക്കൊള്ളണമെന്നില്ല).

പട്ടക്കാരുടെ ശുശ്രൂഷയുടെ തുല്യതയ്ക്ക് ബിഷപ്പിന്റെ കൈവെ പ്പിന്റെ അനിവാര്യത എന്നതാണ് പ്രശ്നം. എസ്.ഐ.യു.സി. വിഭാഗ ത്തിന്റെ എതിർപ്പ് ശമിപ്പിക്കുന്നതിനും കോൺഗ്രഗേഷണൽ സ്വഭാവം ഉൾക്കൊള്ളുന്നതിനുമായി ആംഗ്ലിക്കൻ പ്രതിനിധിയായ റവ. ബാർ ലെറ്റ് മറ്റൊരു നിർദ്ദേശം മുന്നോട്ടുവച്ചു. ഐക്യ സഭയിൽ പുതിയതായി അഭി ഷേകം ചെയ്യപ്പെടുന്ന ബിഷപ്പന്മാരുടെ അഭിഷേക ശുശ്രൂഷയിൽ മറ്റു ബിഷപ്പമാരോടൊപ്പം എസ്.ഐ.യു.സി. വിഭാഗത്തിലെ പട്ടക്കാർക്കും “കൈവെപ്പു” നടത്താവുന്നതാണ്.

ഈ നിർദ്ദേശവും എസ് ഐ. യു. സി പ്രതിനിധികൾക്ക് സ്വീകാര്യ മായിരുന്നില്ല. ബിഷപ്പിന്റെ കൈവെപ്പിലൂടെയുള്ള നിയോഗ ശുശ്രൂഷ എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് സാധിക്കുകയില്ലെന്ന് എസ്. ഐ.യു.സി. യിലെ ട്രാവൻകൂർ ചർച്ച് കൗൺസിൽ അസന്നിദ്ധമായ ഭാഷയിൽ വ്യക്തമാക്കി.

പട്ടക്കാരുടെ തുല്യത സംബന്ധിച്ച് ഒരു യോജിപ്പും ഐക്യ ചർച്ചകളിൽ ഉണ്ടാകാത്ത സാഹചര്യത്തിൽ 1926-ൽ കൂടിയ ജോയിന്റ് കമ്മിറ്റി മറ്റൊരു നിർദ്ദേശം വച്ചു. സഭൈക്യത്തെ തുടർന്നു 50 വർഷത്തേക്ക് ഐക്യത്തിൽ പങ്കാളിയാകുന്ന സഭകളിലെ പട്ടക്കാരുടെ ശുശ്രൂഷ അവരുടെ ഓർഡിനേഷൻ ഏതുതരത്തിലായാലും പരസ്പരം പൂർണമായി അംഗീകരിക്കുക. (full mutual recognition of the ministries of all pastors for fifty years). ഈ നിർദ്ദേശത്തിന്റെ കുരുക്കുകൾ എന്തുതന്നെയായിരുന്നാലും സഭൈക്യത്തിനുവേണ്ടി ജോയിന്റ് കമ്മിറ്റി അത് അംഗീകരിച്ചു. എങ്കിലും ചില അവ്യക്തതകൾ നിലനിന്നിരുന്നു.

ബിഷപ്പിന്റെ കൈവെപ്പിലൂടെയുള്ള നിയോഗ ശുശ്രൂഷ എന്ന ആശയത്തോട് ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചത് എസ്.ഐ.യു.സി. യുടെ ട്രാവൻകൂർ ചർച്ച് കൗൺസിലായിരുന്നു. 1926 ആഗസ്റ്റ് 4, 5 തീയതികളിൽ തിരുവനന്തപുരത്ത് സമ്മേളിച്ച ട്രാവൻകൂർ ചർച്ച് കൗൺസിൽ യോഗത്തിൽ കമ്മിഷനിംഗ് ശുശ്രൂഷ പട്ടത്വ ശുശ്രൂഷയുടെ തുല്യത ഉറപ്പാക്കിയെങ്കിലും അതിന്റെ പ്രായോഗികതയെയും (practicality) അഭിലഷണീയതയെയും (desirability) സംബദ്ധിച്ച സംശയങ്ങൾ ബാക്കിയായിരുന്നു.

അവയിൽ ഒന്ന് ഐക്യത്തിലൂടെ ഒന്നായി ചേരുന്ന സഭകൾ അധികവും വ്യത്യസ്ത പ്രദേശങ്ങളിലായിരുന്നതിനാൽ (Territorially Separated) പരസ്പര ധാരണയുണ്ടാക്കുക അത്ര എളുപ്പമായിരുന്നില്ല. അതിനാൽ സഭകൾ തമ്മിലുള്ള സൗഹൃദവും ധാരണയും വളർത്തുന്നതിന് വിവിധ സഭാ വിഭാഗങ്ങളിലെ പട്ടക്കാർ തമ്മിൽ 'പുൽപിറ്റ് എക്സ്ചേഞ്ച്' (Pulpit exchange) നടത്തണമെന്നും അത് പ്രാദേശികമായി ക്രമീകരിക്കുന്നത് ബുദ്ധിമുട്ടായതിനാൽ സഭാ നേതൃത്വം തന്നെ ചെയ്യണമെന്നും നിർദ്ദേശിക്കുകയും ഉണ്ടായി. മാത്രമല്ല, വിവിധ സഭകളുടെ നേതാക്കൾ തന്നെ മറ്റ് സഭാ വിഭാഗങ്ങളിലെ പ്രധാന സഭകൾ സന്ദർശിക്കണമെന്നും തങ്ങളുടെ തിരുവത്താഴ ശുശ്രൂഷ രീതികൾ ആ സഭയിലെ സാധാരണ ജനങ്ങൾക്ക് പരിചയപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി. (പിൽക്കാലത്ത് സി.എസ്.ഐ. സി. എൻ.ഐ., മാർത്തോമ്മാ സഭൈക്യ ചർച്ചകൾ സജീവമായിരുന്ന കാലത്ത് ഈ പരീക്ഷണം നടത്തിയെങ്കിലും വളരെ വൈകാതെ ഈ പരീക്ഷണ ങ്ങളും ഒപ്പം ഐക്യചർച്ചകളും അസ്തമിച്ചു.) ഇത്തരം സന്ദർശനങ്ങൾ സഭകൾ തമ്മിൽ ധാരണ വർദ്ധിക്കുന്നതിനും ഐക്യം ഒരു സ്വാഭാ വിക അനുഭവമായി മാറ്റപ്പെടുന്നതിനും സഹായകമാവുമെന്നവർ കരുതി. എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന

ചില സഭകളിൽ മാത്രം പുൽപിറ്റ് എക്സ്ചേഞ്ചും കർത്തൃമേശശുശ്രൂഷയും നടത്തുന്നത് സഭയ്ക്കുള്ളിൽ തന്നെ വേർതിരിവുകൾ വരുത്തുമെന്നും മാത്രമല്ല ഏതെങ്കിലും ഒരു വിഭാഗം സഭാംഗങ്ങളെ മാറ്റിനിർത്തുന്നത് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാക്കുന്നതിനും കർത്താവ് നൽകിയ ഉറപ്പിന്റെ നിഷേധമാകുമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. അതിന്റെ ഫലമായി പുൽപിറ്റ് എക്സ്ചേഞ്ചും അഭികാമ്യമല്ലെന്ന് കരുതി ഉപേക്ഷിച്ചു.

ഒരു കമ്മിഷനിംഗ് ശുശ്രൂഷയിലൂടെ ഐക്യസഭയിൽ പട്ടത്വ ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള അവകാശം നിശ്ചയിച്ചാൽ കമ്മീഷ നിംഗ് ലഭിക്കാത്ത തങ്ങളുടെ മിഷനറിമാർ മിഷൻ സഭകളെ സന്ദർശിക്കു മ്പോൾ അവർക്ക് തിരുവത്താഴ ശുശ്രൂഷ നടത്തുന്നതിനുള്ള അവകാശം നിഷേധിക്കപ്പെടുമെന്ന് എസ്.ഐ.യു.സി അംഗങ്ങൾ ആശങ്കപ്പെട്ടു. അങ്ങനെ സംഭവിച്ചാൽ വിദേശ മിഷനുമായുള്ള തങ്ങളുടെ ബന്ധം ക്രമേണ ഇല്ലാതാകുമോ എന്ന ഭയവും അവർക്കുണ്ടായിരുന്നു

കമ്മീഷനിംഗ് ആരാധന എന്ന ആശയം സബ് കമ്മിറ്റി പൂർണ മായി നിരാകരിച്ചെങ്കിലും 1925 സെപ്റ്റംബർ 23 മുതൽ ഒരാഴ്ചകാലം സഭൈക്യത്തിനു വേണ്ടിയുള്ള പ്രത്യേക വാരമായി ആചരിക്കുന്നതിനും വിവിധ ചർച്ച് കൗൺസിലുകൾ തന്നെ അതിനു നേതൃത്വം നൽകണ മെന്നും സബ് കമ്മിറ്റിയുടെ കൺവീനറും എൽ.എം.എസി.ന്റെ വിദേശ മിഷന്റെ സെക്രട്ടറിയായി ചുമതലയേല്ക്കുന്നതിന് നിയമിക്കപ്പെട്ട റവ. ജി. ഇ. ഫിലിപ്പ്സ് പോകുന്നതിനു മുമ്പ് ആവശ്യപ്പെട്ടു. പട്ടത്വശുശ്രൂഷ യുടെ തുല്യത, കോസ്റ്റിറ്റ്യൂഷണൽ എപ്പിസ്ക്കോപ്പസി എന്നീ വിഷയ ങ്ങളിൽ പൂർണമായ ധാരണയിലെത്തിയില്ലെങ്കിലും സഭൈക്യം എന്ന ആവശ്യത്തിൽ എൽ.എം.എസ്. മിഷനറിമാർ അതീവ തല്പരരായിരുന്നു.

**SIMPLE OR TOUGH?**

For academic studies we don’t look for simple subjects but eagerly pursue any course, however tough, just to climb the ladder of excellence for earning. Why then do we desire only milk, not meat, in spiritual matters? (Heb. 5:12-14).
Why crave for simple sermons instead of strong teaching? (2 Tim. 4:2-4).
Would God endorse this partiality? (Hos 8:12).



# REPORT OF ACTIVITIES

Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the months of December 2023 and January 2024.

By the grace of God Almighty, worship services were conducted on all Sundays. Sermons for Tamil services at 7:15am were given by Rev. Thapasi Das and Rev. Oliver Stanley. For Malayalam service, which was held at 9:00 am, sermons were delivered by Rev. Dr. L. E. Sahanam, Rev. Dr. R. Gnanadas, Rev. Sujin Jacob, Rev. Calwin Kisto, Rev. Dr. Crispin Baju, Rev. Anvin Paul and Dr. Anish A.

Our Christmas programmes started with the carol rounds which was conducted from December 1 to December 20, 2023. There were four teams to visit the houses. Many church members actively participated in the carol rounds. I am happy to inform that the participation was more than the previous years.

The Annual Thanksgiving Service in connection with our 117th Church Dedication Anniversary was observed on December 3, 2023. Prof. Gladston Raj was the chief guest, and he shared the word of God. We honoured our church members who celebrated their 75th birthday and their 50th wedding anniversary. Members who secured achievements in various examinations and other fields were felicitated during the service.

The Annual Harvest Festival was organised on 9th, 10th & 17th December 2023. Our Church member Sri. Enose Titus inaugurated the sale. It was the first time in the history of MM Church that the Harvest Festival was extended to a third day. About 1000 articles were received for auction. All sub organisations actively participated through their stalls.

Family stalls were another attraction. Many volunteers from our church have worked hard to make this 'festival of giving' a huge success. Lucky Draw, Painting and photography competitions were conducted to make our people more engaged.

The Christmas Carol Service by CEYF was held on December 17, 2023. CEYF Choir, Trivandrum Choirsters Association, Melody Singers, Salvation Army Church Choir, MM Church Children's Choir, MM Church Junior Choir, and our Church Choir lead the songs for the service. Christmas message was delivered by Rev. Dr. L. E. Sahanam.

The Gnanbharanam Memorial Sports Competition was organized on December 23rd at 7:00 a.m. After the event, Christmas kits were distributed to people who are economically backward.

Combined Christmas celebration was conducted on December 23, 2023, at 6:00 p.m. Our sub-organizations came forward with a variety of programs. A drama named 'Messiah' was the main attraction of the event. More than 100 members of our church acted in this drama. The Manger, Christmas tree competition, and hourly raffle were organized along with the celebration.

The Christmas Eve service was held on December 24 at 6:00 p.m. Dr. R. L. Rag was the chief guest. A carol service was led by the church choir following the service.

On Christmas Day, a Tamil service was conducted at 7:15 a.m. The sermon was delivered by Rev. Thapasi Das. In the Malayalam Service, which was held at 9:00 am, the sermon was delivered by Rev. Aneesh Varghese. The Christmas tree was organized by BCL and JCF at 3:00 p.m.

Watch Night Service was held on December 31st at 11:00 p.m. Rev. Nelson spoke from the Word of God. A candlelight prayer was conducted in the service. After the worship, fireworks were organized by CEYF.

New Year Service was conducted at 8:00 a.m. on January 1, 2024. The worship was led by Rev. Dr. L. E. Sahanam.

28th January was observed as NMS Sunday. Representatives of National Missionary Society of India visited our congregation and a door collection was organised.

In the month of January 2024, circle prayers were conducted at the residences of Mrs. Padma Jasmine Staley, Er. Thankgakunam and Mr. Mohan Kumar T. S. Fasting prayer was organised on 13th January.

Activities of all sub-organizations went on well. Election of office bearers was held on 14th & 21st January 2024. Republic Day of our Nation was celebrated under the leadership of CEYF on 26th January 2024. On the same day, a retreat of CEYF members was organised at Kollam.

The Managing Committee of MMCCF met on 17th December and 21st January at 2:00pm in the Johnson Hall for routine discussions and passed the accounts.

Our efforts to regain the possession of MM Church campus are progressing. I take this opportunity to thank all who are rendering their support to make all activities successful and acceptable to our God Almighty. Let's continue to pray and work together in unity.

**Adv. Sarjine Thomas**

### സമാധാനം

*കോംഗോയിലെ മെഡിക്കൽ മിഷനറിയായിരുന്ന ഡോക്ടർ പോൾ കാൾസൻ, സിംബോണീസ് എന്ന കൊലസംഘത്താൽ 1964–ൽ കൊല്ലപ്പെട്ടു. ആ ക്രൂരമരണത്തിന് മുമ്പ് ഏതാണ്ട് ഒരു ലക്ഷം പേർക്ക് അദ്ദേഹം മാത്രമായിരുന്നു ഡോക്ടർ. രാവും പകലും രോഗികളെ ചികിത്സിക്കുകയും ശസ്ത്രക്രിയ നടത്തുകയും ചെയ്തുപോന്ന അദ്ദേഹം മാനസികത്തളർച്ച കൂടാതെ ഈ ഭാരിച്ച ജോലി എങ്ങനെ നിർവ്വഹിച്ചു? തിരുവചന ധ്യാനത്തിലും പ്രാർത്ഥനയിലും അദ്ദേഹവും ദൈവവുമായി അടുത്ത ബന്ധം പുലർത്തുകയും കൂട്ടായ്മ ആചരിക്കയും ചെയ്തിരുന്നു. തന്നെ കൊലചെയ്തതിന്റെ തലേദിവസം അദ്ദേഹത്തിന്റെ പുതിയനിയമത്തിൽ ഒരു വാക്ക് എഴുതിയിരുന്നു. – “സമാധാനം”*

# CSI Mateer Memorial Church
# Sub Organisation Office Bearers- 2024

## 1. SUNDAY SCHOOL

| | | |
|---|---|---|
| Secretary | : | Mrs. Saly Selvaraj |
| Accountant | : | Mrs. Liji E. Moses |
| Treasurer | : | Mr. Binil G. Edwin |
| Executive Committee Member | : | Mrs. Asha Peter |

## 2. CHRISTIAN ENDEAVOUR YOUTH FELLOWSHIP (CEYF)

| | | |
|---|---|---|
| Vice President | : | Er. Ceragil Austin Prince |
| Secretary | : | Er. Titto S. Babu |
| Accountant | : | Ms. Anakha V Wills |
| Treasurer | : | Mr. Arad V. M. |
| CEJF (BCL & JCF) Convenor | : | Er. Ardra V. M. |
| Committee Members | : | Mr. Debin D. |
| | | Adv. Roy Yesudas |
| | | Mr. Binil G. Edwin |
| | | Er. Ann Reshma Satheesh |
| | | Ms. Arsha S. S. |

## 3. BOYS CHRISTIAN LITERARY (BCL) UNION

| | | |
|---|---|---|
| Secretary | : | Mr. John Alwin |
| Accountant | : | Mr. Rohan J. Anil |
| Treasurer | : | Mr. Roshwin Raj |

## 4. JUNIOR CHRISTIAN FELLOWSHIP (JCF)

| | | |
|---|---|---|
| Secretary | : | Ms. Aneena Sonidas |
| Accountant | : | Ms. Anna Cris Binu |
| Treasurer | : | Ms. Danah Jain |

## 5. WOMEN'S FELLOWSHIP

| | | |
|---|---|---|
| Vice President | : | Mrs. Geetha Padmakumar |
| Secretary | : | Mrs. Merlin Ben |
| Accountant | : | Mrs. Jaida Prameela |
| Treasurer | : | Mrs. Dilli Meena |

| | | |
|---|---|---|
| Committee Members | : | Dr. Sajitha Sanjeev |
| | | Mrs. Helen Baby |
| | | Dr. Thilaga Samson |
| | | Mrs. Anitha Pradeep |
| | | Mrs. Premula Morris |
| | | Mrs. Vasantha Johnson |
| | | Mrs. Stella Thomas |
| | | Mrs. Sheela Remani |

**6. MEN'S FELLOWSHIP**

| | | |
|---|---|---|
| Vice President | : | Mr. Josh Raj J. |
| Secretary | : | Er. John Benson |
| Accountant & Treasurer | : | Mr. K. Shajikumar |
| Committee Members | : | Dr. John Sajit Edwin |
| | | Er. Godwin Moses |
| | | Dr. Reghunath Raj |
| | | Mr. Edward John |
| | | Mr. Shaji Ram |
| | | Zaem Enock |
| | | Er. Lal Jayakumar |

**7. YOUNG FAMILY FELLOWSHIP**

| | | |
|---|---|---|
| Vice President | : | Dr. Binu Johnson |
| Secretary | : | Adv. Asha Sarjine |
| Jt. Secretary | : | Er. Jerry Daniel |
| Treasurer | : | Mrs. Anju Shalini |
| Committee Members | : | Er. Anila Joshi |
| | | Er. Priya Joy |
| | | Mrs. Nithya Anish |
| | | Dr. Kanitha Justin |
| | | Er. Sumitha Valsalam |
| | | Er. Arun Wilson |
| | | Mr. Ramon Jose |
| | | Mrs. Deepa Cyrus |

**8. CHOIR**

| | | |
|---|---|---|
| Vice President | : | Dr. Samson Nessiah |
| Secretary | : | Er. Jose H. Jones |
| Jt. Secretary | : | Er. Soben S.L. |
| Accountant | : | Mr. Naveen Sam |
| Internal Auditor | : | Mr. Christopher Ross |
| Committee Members | : | Er. Joshi Das |
| | | Mrs. Jaya Solomon |
| | | Mrs. Aji Wills |
| | | Mr. Rajeev Kumar R. R. |
| | | Adv. Asha Sarjine |
| | | Mr. Dharmakumar |
| | | Mrs. Premula Morris |
| | | Mr. Jothi Sathianess |
| | | Dr. Preethi Davidson |

**9. SCF**

| | | |
|---|---|---|
| Vice President | : | Dr. Johnson |
| Secretary | : | Prof. Raja Prasad |
| Jt. Secretary & Programme Coordinator | : | Er. Charles Fision Thankaraj |
| Treasurer | : | Er. Lalitha Jayakumar |
| Bible Verse Teller | : | Mr. Dennison S. K. |
| Executive Committee Members | : | Dr. Arthur Jacob |
| | | Mrs. Griselda Wills |
| | | Mrs. Dany Natchathira Bai |
| | | Mrs. Sulochi Berty |
| | | Mr. Justin |
| | | Mrs. Sneha Mallika |

**Special Invitees**

Mr. Godsing

Mrs. Valsa D. S.

## ANNUAL HARVEST FESTIVAL






## WATCHNIGHT SERVICE











# COMBINED CHRISTMAS CELEBRATION









# COMBINED CHRISTMAS CELEBRATION











# REPUBLIC DAY 2024








# CEYF CHRISTMAS CAROL SERVICE












# RESTORATION OF MODERN CHRISTIANS



**Dr. Christenson E. Sarasam**

**Self-realisation**

During the Lenten season 2024, the modern Christians of the present day maintain a long tongue, but sadly, they hold on to shallow conduct and mediocre performance. Language power for mob-mobilisation, selfpraise and overconfidence are in sharp contrast to the day to day deeds of instability, inconsistency and incongruent expectations. Words and deeds stand miles apart in terms of presenting false hopes and inculcating insurmountable goals. Prayers are offered repeatedly with least intention for submission to God's holy will, obedience and correction. While seeking divine help to carry the cross, there is no endeavour to pick up and carry the cross. Allegiance to charity is only a disguised expression of religious comfort and convenience.

**Excellence in our inner being**

Elements of wickedness have not yet been uprooted from the deepest recesses of our hearts. Envy, jealousy, malice, pride, bad temper, cruelty, resentfulness, irritability, sadism, greed, fault-finding, miserly attitudes and many others dominate our inner being. God calls us to return back from our backslidden and disobedient nature. Rather than continuing in the culture of casualness, we must rush and return to the finer precepts of New Testament Christianity.

**Imitation of Christ**

Creed alone cannot console and comfort our lives. We must become fully subject to the authority of our risen Lord Jesus Christ. Biblical principles of humility, simplicity, modesty, morality, cross-bearing, self-control, worship and obedience should become the basic tenets of our daily life in the world. Many people around us have been turned away from Christ by watching the uncompromising dispositional flaws manifested in the lives of professing Christians. Too many thoughtful

messages on sanctification and saintliness are delivered and heard either on pulpits or channel networks, but the unsaintly practices in our lives are not consciously driven away. The move is more on outward projections and popularity and not on reviving or renewing individual lives. This is the right time for us to leave our worldly orthodoxy and cast away our unscriptural ways and unholy activities.

**Lighted to Lighten**

In essence, Christianity is the way of the cross. It is implicit and absolute focus on the Son of God on the cross. The crucified Christ is facing only one direction. That is the direction of God and the Holy Spirit. The mission and ministry of Jesus on earth was always a forward movement. He never looked back from where He started. The inner call and drive was drawing people into the Kingdom of God. Christ on the cross submitted fully to the will of God. He never suspected or questioned the plan of God for the lost humanity. Satan always cut a sorry figure whenever he confronted Christ. He knew the Light of Life from a distance, but never received the sight available in Christ. We are all enthralled by the gospel which is light. But seldom do we submit fully to the inward operation of the Holy Spirit. Anyone having light without sight is indeed blind. The assumption that light and sight are synonymous has brought spiritual tragedy to millions of present day Christians.

**Uncompromising submission to God**

Spiritless Christian life has divested and prevented us from enjoying true Christian faith and practice. Intellectualism, Fundamentalism, Rationalism, Textualism and Doctrinalism cannot illuminate our hearts and revive our spirits to imbibe personal spiritual acquaintance with God. Shall we bid farewell to our false pretenses, spurious contentions, self-deceptions, vulnerable attitudes, ridiculous idealisms and cling on the glorious resurrected Christ of the Bible?

“More about Jesus would I know
More of His grace to others show;
More of His saving fullness see
More of His love who died for me”

*പാട്ട്*

# ദൈവസന്നിധിയിൽ നമ്മെ തന്നെ സമർപ്പിക്കാം



**S.R. ചന്ദ്രിക ജയദാസ്**

യേശുവേ! പ്രാണനാഥാ! അങ്ങേ സ്തുതിക്കുന്നു, വന്ദിക്കുന്നു,
സ്തുതികൾക്കു യോഗ്യനായ, എൻ യേശുവെ വണങ്ങിടുന്നു.
(യേശുവേ)

'ഭയം വേണ്ടാ ഞാനുണ്ടു കൂടെ' എന്നരുളിയ നല്ല കർത്തനേ,
അർപ്പിക്കുന്നു ഞങ്ങളെ നിൻ, തിരു പാദത്തിൽ സമർപ്പിക്കുന്നു.
(യേശുവേ)

ലോകൈക നാഥനേ നിൻ, തിരുകൃപയെന്നും എത്ര ധന്യമേ,
നിൻ കൃപകൾക്കായ് വാഞ്ചിക്കുന്നു, എന്നും അണയുന്നു തിരുസവിധെ.
(യേശുവേ)

ഞങ്ങൾ തൻ രക്ഷകനേ, എന്റെ പാറയാം യേശുനാഥാ,
നീയെന്നെ വീണ്ടെടുത്തു, തിരു രക്തമെന്ന വിലയ്ക്കു വാങ്ങി.
(യേശുവേ)

നീയെന്നും അനന്യൻതന്നെ, ഞങ്ങൾ നിന്റെ സ്വന്തമത്രെ,
നശ്വരമാം ഈ ഭൂവിൽ അനശ്വരനായവനേ. (യേശുവേ)



## പ്രതിവാര ധ്യാനം

**ഫെബ്രുവരി 4 ഞായർ**

**സൃഷ്ടിയുടെ വീഴ്ച (The fallen-ness of creation)**

ഉല്പ. 3:1–10, സങ്കീർത്തനം 58, റോമർ 3:21–26, മത്താ. 18:23–35

**ഫെബ്രുവരി 11 ഞായർ**

**നോമ്പ് : അനുരജ്ഞനത്തിന്റെ സമയം**

ഉല്പ. 45;1–15, സങ്കീർത്തനം 85, എഫെ. 2:11–22, യോഹ. 2:1–11

**ഫെബ്രുവരി 18 ഞായർ**

**തൊട്ടുകൂടാത്തവരെ തൊടുക (Touching the untouchable)**

2 രാജാ. 5:1–10, സങ്കീ. 10:1–12, എബ്രാ. 13:8 –17, മത്തായി 8:1–4



# ലക്ഷ്യം ഭൗതീകമോ? നിത്യജീവനോ?

**Er. Ceragil Austin Prince**

ഒരു ലക്ഷ്യത്തോടെയാണ് ഭൂരിഭാഗം പേരും ജീവിക്കുന്നത്. ജീവിതത്തിൽ ഒരു ലക്ഷ്യം വിജയകരമായി കരസ്ഥ മാക്കുമ്പോൾ പുതിയ ലക്ഷ്യങ്ങൾ ഉടലെടുക്കും. എന്നാൽ പലപ്പോഴും നമ്മുടെ ലക്ഷ്യങ്ങൾ ലൗകീക കാര്യങ്ങൾ മാത്രം ആയിപോകാറുണ്ട്. വിദ്യാഭ്യാ സം, തൊഴിൽ, ധനം എന്നീ മൂന്ന് കാര്യങ്ങളിൽ നമ്മുടെ ചിന്തകൾ ചുരുങ്ങിപ്പോകാറുണ്ട്. നമ്മുടെ ലക്ഷ്യങ്ങൾ കരസ്ഥമാക്കാ നുള്ള തിരക്കിട്ട ഓട്ടത്തിനിടയിൽ നമ്മെ സൃഷ്ട്ടിച്ച, നമ്മെ പരിപാലി ക്കുന്ന, നമ്മെ പാപത്തിൽ നിന്നും വീണ്ടെടുത്ത, നമുക്ക് വേണ്ടി സ്വർഗ ത്തിൽ സ്ഥലം ഒരുക്കുന്ന ക്രിസ്തുവിന് പ്രാധാന്യം നൽകുന്നുണ്ടോ എന്നത് ഓരോ ദൈവപൈതലും ചിന്തിക്കേണ്ട വസ്തുതയാണ്.

## ലൗകീക കാര്യങ്ങൾക്കുള്ള പ്രാധാന്യം

തീർച്ചയായും ഈ ലോകത്തിൽ ശ്രദ്ധ ചെലുത്തേണ്ട അനേകം കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ട്. നമ്മുടെ കുടുംബം, ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ജീവനമാർഗം തുടങ്ങിയവക്ക് നാം പ്രാധാന്യം നൽകണം. ഇതൊക്കെയും നമുക്ക് ദൈവം തന്നിരിക്കുന്ന അനുഗ്രഹങ്ങൾ ആണ്. ഓരോ മനുഷ്യനും ഈ ലോകത്തിൽ ജീവി ക്കാൻ ആവശ്യമായ കാര്യങ്ങൾ ദൈവം നൽകുന്നുണ്ട്. ആദി മാതാ പിതാക്കളായ ആദാമിനെയും ഹൗവ്വയെയും സൃഷ്ടിച്ചപ്പോൾ കുടുംബ ജീവിതം നൽകി. അവർക്ക് പാർക്കാനായി ഏദൻ തോട്ടവും ഭക്ഷിക്കുവാ നായി ആഹാരവും അവർ ചോദിക്കുക പോലും ചെയ്യാതെ ദൈവം കരുതി. അവർ പാപത്തിൽ അകപ്പെട്ട ശേഷവും ഉടുക്കാനുള്ള വസ്ത ങ്ങൾ നമ്മുടെ സൃഷ്ടാവ് നൽകി. യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടു പോയി ഏദൻ തോട്ടത്തിൽ വേല ചെയ്വാനും അതിനെ കാപ്പാനും അവിടെ ആക്കി (ഉല്പത്തി 2:15). ദൈവം ദാനമായി തന്നിരിക്കുന്ന ഈ സൗഭാഗ്യങ്ങൾ പരിപാലിക്കേണ്ടത് നമ്മുടെ കർത്തവ്യം തന്നെയാണ്.

## സൃഷ്ടാവിന് ജീവിതത്തിൽ മുഖ്യ സ്ഥാനം നൽകണം

ഈ ലോകത്തിലുള്ള സൗഭാഗ്യങ്ങൾ എല്ലാം ദൈവം നൽകിയതാണ്. നാം ഈ നന്മകളെ സ്നേഹിക്കുന്നതിനേക്കാൾ ഇതൊക്കെയും നമുക്ക് നൽകിയിരിക്കുന്ന സൃഷ്ടാവിനെ സ്നേഹിക്കുകയും ജീവിതത്തിൽ മുഖ്യ

സ്ഥാനം നൽകുകയും വേണം. എന്നേക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല; എന്നേക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല (മത്തായി 10:37). ജീവിതത്തിൽ മറ്റെന്തിനേക്കാളും ഒന്നാം സ്ഥാനം ക്രിസ്തുവിന് നൽകണം. നാം എത്ര അദ്ധ്വാനിച്ചാലും ദൈവകൃപ ഇല്ലാതെ ഒന്നും ഫലവത്താകില്ല. ആകയാൽ നാം എന്ത് തിന്നും എന്ത് കുടിക്കും എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ ആകുലപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും (മത്തായി 6:31-33).

**ദൈവഹിതം അന്വേഷിക്കണം**

ജീവിത്തിൽ മിക്ക കാര്യങ്ങൾ ചെയ്യുമ്പോഴും നാം നമ്മുടെ ബുദ്ധിയിലും ചിന്തയിലും ആശ്രയിക്കും. എന്തെങ്കിലും തിരിച്ചടികൾ നേരിടുമ്പോഴാണ് ദൈവത്തെക്കുറിച്ച് നാം ഓർക്കുന്നത്. ലോകത്തിൽ ഉള്ളതെല്ലാം സൃഷ്ടിച്ച ദൈവത്തിന് മാത്രമേ ഏറ്റവും ഉചിതമായ ആലോചന നമുക്ക് തരാൻ കഴിയൂ. നാം മുന്നോട്ട് വയ്ക്കുന്ന ഓരോ ചുവടിലും ദൈവത്തിന്റെ ആലോചന ചോദിച്ച് അതനുസരിച്ച് പ്രവർത്തിച്ചാൽ പിന്നീട് ദുഃഖിക്കേണ്ടിവരില്ല. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽനിന്നു കേൾക്കും (യെശയ്യാവ് 30:21). നമ്മുടെ സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാതെ ദൈവം നമുക്ക് തന്ന ഈ ജീവിതത്തിന്റെ ലക്ഷ്യം എന്ത് എന്ന് മനസ്സിലാക്കുക. നമ്മുടെ ബുദ്ധിയിൽ ചിന്തിക്കുന്നതിലും വലിയ കാര്യങ്ങൾ ആയിരിക്കും നമുക്ക് വേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നത്. എന്ത് ചെയ്യുന്നതിന് മുമ്പെയും പ്രാർത്ഥിക്കുക, ദൈവത്തോട് ആലോചന ചോദിക്കുക, ദൈവഹിതം അറിയുക, അത് മാത്രം ചെയ്യുക. ഈ രീതി പിന്തുടർന്നാൽ ദൈവവുമായി എപ്പോഴും സംസർഗം ഉണ്ടാകുവാനും നേരായ മാർഗം തിരഞ്ഞെടുക്കാനും സാധിക്കും. മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളും ഉണ്ടു; യഹോവയുടെ ആലോചനയോ നിവൃത്തിയാകും (സദൃശ്യവാക്യങ്ങൾ 19:21).

**നിത്യജീവൻ എന്ന ലക്ഷ്യം**

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ

നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). ദൈവം നമ്മെ പാപത്തിൽ നിന്ന് വീണ്ടെടുത്തത് നിത്യജീവൻ പ്രാപിക്കാനാണ്. നിത്യജീവൻ എന്ന ലക്ഷ്യം നമ്മുടെ ജീവിതത്തിൽ എപ്പോഴും ഓർമയിൽ ഉണ്ടാകണം. നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു (1 പത്രൊസ് 5:8). നമ്മെ ദൈവത്തിൽ നിന്ന് തെറ്റിക്കാനും പാപത്തിൽ അകപ്പെടുത്താനും പിശാച് ശ്രമിക്കുന്നു. നിത്യജീവൻ എന്ന ലക്ഷ്യത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തിരിക്കാനും പ്രലോഭനങ്ങളിൽ അകപ്പെടുത്താനും ഓരോ നിമിഷവും അവൻ അലറുന്ന സിംഹത്തെപ്പോലെ പോരാടുന്നു. ദൈവത്തോട് ചേർന്നിരുന്നാൽ മാത്രമേ അതൊക്കെ നമുക്ക് അതിജീവിക്കാൻ സാധിക്കൂ. ആശ്ചര്യം തോന്നുന്ന ഒരു വസ്തുത എന്തെന്നാൽ പല സഭകൾ പോലും ഇന്ന് അവന്റെ ചതിക്കുഴിയിൽ വീഴുന്നു എന്നതാണ്. ദക്ഷിണ കേരള മഹായിടവക ഉൾപ്പടെ പല സഭാ നേതൃത്വങ്ങളും ഇന്ന് സുവിശേഷീകരണത്തെക്കാളും പ്രാധാന്യം നൽകുന്നത് സ്ഥാപനങ്ങൾ നടത്തുന്നതിനും ധനം സമ്പാദിക്കാനുമാണ്. ഈ ലോകത്തിലെ ജീവിതം ചുരുക്കമാണ്. ചുരുങ്ങിയ കാലം മാത്രം ജീവിക്കുന്ന ഈ ലോകത്തിലെ ലക്ഷ്യങ്ങളേക്കാൾ ഇവിടെ നിന്ന് എടുക്കപ്പെട്ടതിന് ശേഷമുള്ള ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം. എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു (മത്തായി 7:21). ദൈവത്തെ അനുസരിച്ച് ജീവിക്കുന്നതിനും എപ്പോഴും ദൈവവുമായി കൂട്ടായ്മ ആചരിക്കുന്നതിനും നമുക്ക് പ്രാർത്ഥനയോടെ ശ്രമിക്കാം.



## പ്രതിവാര ധ്യാനം

**ഫെബ്രുവരി 25 ഞായർ**

**ജീവൻ രക്ഷിക്കുന്ന വിശ്വാസം (Life Saving Faith)**

2 രാജാ. 4:1-7, സങ്കീ. 72, അ.പ്ര. 5:12-16, ലൂക്കൊസ് 5:17-26

**മാർച്ച് 03 ഞായർ**

**പ്രാർത്ഥനയിലെ സ്ഥിരത (Persistence in Prayer)**

2 രാജാ. 20:1-11, സങ്കീ. 116, 1 തെസ്സ. 5:12-22, മർക്കൊ. 7:24-30

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No 801 | **Amala Christhudas**<br>Nulliyottil House, Ambala Nagar Road,<br>Kowdiar, Trivandrum<br>Died on : 04-12-2023 |  |
| Family No 1569 | **Rose Padma Ambrose**<br>Padma Bhavan, Padmanabha Nagar, Nettayam<br>Died on : 08-12-2023 |  |
| Family No 605 | **Prabha Joshua**<br>LVMRA-101, Varambassery Junction,<br>Kunnukuzhy, Trivandrum<br>Died on : 09-12-2023 |  |
| Family No 1144 | **Gnanadas S.**<br>CGRA-17, Green Street, Kesari Nagar,<br>Chankaloor, Poojappura<br>Died on : 10-12-2023 |  |
| Family No 326 | **Santha Jones**<br>TRA 82, Thekkummoodu, Trivandrum<br>Died on : 28-12-2023 |  |
| Family No 55 | **William Thomas Rasalam**<br>Kalyaan, Mumbai<br>Died on : 28-12-2023 |  |

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No 2069 | **Alex B. R.**<br>Twins Bunglow, Near SI Properties,<br>Mudavanmugal, Aramada<br>Died on : 6-12-2023 |  |
| Family No 1444 | **Lilly A.**<br>Lilly Cottage, Watts Lane, Nanthancode<br>Date of Death : 12-01-2024 |  |
| Family No 849 | **Gilbert Nal Surendra**<br>Bains Compound, Nanthencode<br>Died on : 27-01-2024 |  |
| Family No 963 | **Leela Thampy**<br>BNRA-148, Bhagavathy Lane, Kowdiar<br>Died on : 27-01-2024 |  |
| Family No 637 | **Mony T. S.**<br>Mani Bhavan, GRA-653, Goureshapattom<br>Died on : 05-02-2024 |  |
| Family No 206 | **J. Gladstone**<br>Watts Lane, Thiruvananthapuram<br>Died on : 15-02-2024 |  |

| | | |
|---|---|---|
| Family No 1114 | **Pushpabai Stephen**<br>Parottukonam, Thiruvananthapuram<br>Died on : 15-02-2024 |  |

## CROSSWORD PUZZLE - 9

*Compiled by*
**PREMCHAND JOHNSON**



### Across

1. Hottest planet(5)
6. How the male and female were created: Gen 1:27(5)
8. A liquid mix: of essential oils & aromatic compounds (7)
9. Our national flower (5)
12. ..............Job opposite of blue collar (11)
14. Opposite to(dc)direct current (11)
15. A male horse feature (4)
17. Save our souls : help (3)

**Down**

2. An alert in a mobile when a new message, mail etc .. arrives (12)
3. Opposite of nnw (3)
4. Jumbled (7)
5. Smallest country (7)
7. Servant of Elisha 2 kings:5 (6)
10. "...weeping and gnashing of _____ Luke 13:28 (5)
11. A wound up spring possesses________energy (9)
12. Fermented grape juice clarified(4)
13. The negative electrode (7)
16. Raw fish dish (5)
20. Vessel made with gopher wood Gen 6:14(3)

---

**Answers To Crossword 8 :**

answers to crossword 9 : 1) calcium 2) laminate 3) magi 4) addisababa 5) cathedral 6) artificial 7) lumen 8)midnight 9) Benhur 10) helon 11) sister 12) cricket 13) carol 14) estuary 15) vitamins 18) batter 17) mercury 18) Bethlehem 19) ono 20) stomach

---

Winners of crossword 9 : Dr. Arvind Gilbert, Smt. Geetha Wesley

---

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge. Whatsapp your answer to 9447018118

---

## GOD'S DELIGHT

Today, in whichever position you are, remember God chose you like Jacob to bring glory to His name through you. Get detached from the works of darkness that are seen among you in the neighbourhood by separating yourself and realising your call to be a blessing to the nations. You may work in an office or do a business, but the people around you should call you as blessed of the LORD. It is very sad many do not realise that they are God's delight and sell themselves to the vices of the devil.

Responsibility given to you is directly from God. Your only aim should be to win souls and bring glory to His name.

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Epistle written by Jude and the Revelation received by Apostle John 1-10. Kindly, read these eleven chapters before attempting the quiz. The reading portion contains writings by two people very close to Jesus, an epistle by a brother of Jesus and the revelation received by the disciple who was always leaning on the bosom of Jesus. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before February 25th through email at churchvoicequiz@gmail.com

> Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
> After taking a photo make sure that the answers are readable before sending it.
> Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs You can also scan the QR code to go to the link.*

1. After which angel sounded his trumpet did an eagle fly in the midair calling out in a loud voice "Woe! Woe! Woe to the inhabitants of the earth"?
2. Where was John when he got the revelation?
3. "You have forsaken your first love", to which church was this spoken?
4. Who was seventh from Adam?
5. How many servants of God were sealed from the tribe of Issachar?
6. Who falls down before the Him who sits on the throne in heaven, and worship Him and lay their crowns before the throne?
7. Rider on which horse was named Death?
8. What is the number of the mounted troops that were seen after the sixth angel sounded his trumpet?
9. How many horns were, there for the lamb that looked as if it had been slain?
10. What is the name of the city of God?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions. Please do go through the answers published every month, because the submitted answers are valued based on context rather than exactness.*

The correct answers to the quiz from 2 Peter and 1-3 John

1. Perfect love (1 Jn. 4: 18)
2. Goodness (2 Pet. 1:5)
3. God's commands (1 Jn. 5:3)
4. False teachers (2 Pet. 2:1)
5. The elements will be destroyed by fire (2 Pet. 3:10)
6. The Father (1 Jn. 2:15)
7. Sin (1 Jn. 3:4)
8. John (2 Jn. 1:12)
9. The blood of Jesus (1 Jn. 1:7)
10. Demetrius (3 Jn. 1:12)

List of people who had submitted the right answers to the quiz from 2 Peter and 1-3 John

1. Meehal Godwin
2. Jolly David
3. Jothi Roberts
4. Dora Johnson
5. Gladis J.
6. Nesakumari Davidson
7. Soben S. L.
8. J. Sumangala
9. Reuben S. L.
10. Nirmala Lal Jayakumar
11. Mary Padmini Jasper
12. Rajesh John Ross
13. Girly John Ross
14. Anitha Kingsley
15. Mershika John

List of people who submitted answers with only one mistake

1. Sujana Satish
2. Lilora P. R.

# ബൈബിൾ ക്വിസ്സ് - മലയാളം പരിഭാഷ

ജനുവരി & ഫെബ്രുവരി 2024

യൂദാ, വെളിപ്പാട് 1–10

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. എത്രാമത്തെ ദൂതൻ കാഹളം ഊതിയതിനു ശേഷമാണ് “ഭൂവാസികൾക്ക് കഷ്ടം, കഷ്ടം, കഷ്ടം” എന്നു ഉറക്കെ പറഞ്ഞുകൊണ്ട് ഒരു കഴുക് ആകാശ മദ്ധ്യേ പറന്നത്?
2. വെളിപ്പാട് ലഭിച്ചപ്പോൾ യോഹന്നാൻ എവിടെയായിരുന്നു?
3. “നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു” എന്നു ഏതു സഭയോടാണ് പറഞ്ഞത്?
4. ആദാം മുതൽ ഏഴാമൻ ആരു?
5. യിസ്സാഖാർ ഗോത്രത്തിൽ നിന്നും ദൈവത്തിന്റെ എത്ര ദാസന്മാരാണ് മുദ്രയേറ്റത്?
6. സ്വർഗത്തിലെ സിംഹാസനത്തിൽ ഇരിക്കുന്നവനെ വീണു നമസ്കരിച്ചു തങ്ങളുടെ കിരീടങ്ങളെ സിംഹാനത്തിന്റെ മുമ്പിൽ ഇടുന്നത് ആരാണ്?
7. ഏതു കുതിരയുടെ പുറത്തിരുന്നവനാണ് മരണം എന്നു പേർ?
8. ആറാമത്തെ ദൂതൻ കാഹളം ഊതിയതിനു ശേഷം കണ്ട കുതിരപ്പടയുടെ സംഖ്യ എത്ര?
9. അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതായി കണ്ട കുഞ്ഞാടിനു എത്ര കൊമ്പുണ്ടായിരുന്നു?
10. ദൈവത്തിൻ നഗരത്തിന്റെ നാമം എന്താണ്?

# CEYF CHRISTMAS CAROL SERVICE
















# CHRISTMAS EVE SERVICE










## CHRISTMAS EVE SERVICE



## CHRISTMAS SERVICE



*In Ever Loving Memory of*



## Sri. J. JAYA RAJ M.A.

**(Rtd. Asst. Manager (General) FCI)**

'Sundaram' Valiasala

Called to Eternal Glory on 22-01-2022

"SAFE IN THE ARMS OF JESUS"

*Fondly remembered by*

Wife : Prof. Santha Kumari D., Son : Josh Raj J.
D-in-law : Beena George, G-daughters : Joseena Josh & Joselyn Josh

*In Ever Loving Memory of*



## C.S. Sathyaseelan

(Rtd. Additional Secretary, Govt. of Kerala)

*"And there shall be no night there; They need no lamp nor the light of the sun, for the Lord God gives them light. And they shall reign forever and ever". Rev 22:5*
*In loving memory of our dear Dad and Husband on 5th Death Anniversary (11.02.2024)*